LIBRARY ARCHIVES Kerala Legislative Assembly

VIII പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 'സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ്' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

IX അവലോകനം

മി. സ്പീക്കർ: 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. 2021-22 വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ വിശദമായ പരിഗണനയ്ക്കും മറ്റനുബന്ധ ധനകാര്യ ബിസിനസ്സുകൾക്കുമായി ആകെ 17 ദിവസങ്ങളാണ് ഇപ്രാവശ്യം സഭ സമ്മേളിച്ചത്. സഭയുടെ 12 ദിവസം നീണ്ടുനിന്ന ഒന്നാം സമ്മേളനം 2021 ജൂൺ 10-ാം തീയതി അവസാനിച്ചതിനുശേഷം ജൂൺ 24, 25, 26 എന്നീ തീയതികളിലായി അംഗങ്ങൾക്കായി നടത്തിയ പരിശീലന പരിപാടി ഉള്ളടക്കവും പങ്കാളിത്തവും കൊണ്ട് സാമാന്യം ഭേദപ്പെട്ട നിലയിൽ സംഘടിപ്പിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. രണ്ടാം സമ്മേളന കാലയളവിൽ 14 അടിയന്തരപ്രമേയ നോട്ടീസുകൾ സഭയുടെ പരിഗണനയ്ക്കായി വരികയുണ്ടായി. അതോടൊപ്പം 29 ശ്രദ്ധ ക്ഷണിക്കൽ നോട്ടീസുകളും 157 സബ്മിഷനുകളും സഭാതലത്തിൽ പരിഗണനാ വിഷയമായി തീരുകയുണ്ടായി. ഈ സമ്മേളനകാലത്ത് ആകെ 295 രേഖകൾ വിവിധ മന്ത്രിമാർ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയുണ്ടായി. അതുപോലെ വിവിധ സമിതികളുടെ 58 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. അതോടൊപ്പം കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ വിവിധ മേഖലയിൽ വരുത്തിയ ഇളവുകൾ, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയ ഇടപെടലുകൾ എന്നിവ സംബന്ധിച്ച് ചട്ടം 300 പ്രകാരം യഥാക്രമം ബഹുമാന്യരായ ധനകാര്യ വകുപ്പുമന്ത്രിയും ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയും സഭയിൽ പ്രസ്താവനകൾ നടത്തുകയുണ്ടായി. കേന്ദ്ര സർക്കാരിന്റെ പുതിയ വൈദ്യുതി നിയമം സംസ്ഥാന താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണെന്നതിനാൽ അത് പിൻവലിക്കണ